(എ) സഹകരണ രംഗത്തെ വായ്പകൾ കിട്ടാക്കടമാകുന്നത് എപ്രകാരമാണ്;

(ബി) വായ്പക്കാരൻ യഥാസമയം വായ്പാതുക അടയ്ക്കാതെ വന്നാൽ ജാമ്യക്കാരിൽ നിന്നോ മറ്റു സെക്യൂരിറ്റികളിൽ നിന്നോ വായ്പാ തുക ഈടാക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ടോ;

(സി) 30-6-2003-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ജില്ലാ ബാങ്കുകൾ മതിയായ സെക്യൂരിറ്റിയില്ലാതെ എന്തുതുകയുടെ വായ്പ അനുവദിച്ചിട്ടുണ്ട്;

(ഡി) ഇപ്രകാരം വായ്പ നൽകിയ തുക തിരിച്ചുകിട്ടാത്ത പക്ഷം ലോൺ കൊടുത്ത ഡയറക്ടർ ബോർഡ് മെമ്പർമാർക്കെതിരെ നടപടി എടുക്കാൻ വ്യവസ്ഥയുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) യാതൊരു തരത്തിലും ഈടാക്കിയെടുക്കാൻ കഴിയില്ല എന്ന് ഉത്തമ ബോദ്ധ്യമുള്ള വായ്പകളെ കിട്ടാക്കടമായി കണക്കാക്കുന്നു.

(ബി) ഉണ്ട്.

(സി) 92.01 ലക്ഷം രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷറുകൾ

*10 [493] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്രഷറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ക്രഷറുകൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ;

(സി) അനിയന്ത്രിതമായ പാറ പൊട്ടിക്കൽ കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പാറപൊട്ടിക്കുവാൻ ലൈസൻസ് നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ഇ) വിവിധ ഇനം പാറപൊട്ടിക്കലിന് ഈടാക്കുന്ന ഫീസ് തരംതിരിച്ച് വ്യക്തമാക്കുമോ;

(എഫ്) വ്യവസായവകുപ്പ് ലൈസൻസ് നൽകുന്നതിനുമുമ്പ് പരിസ്ഥിതി മലിനീകരണ വിഷയങ്ങളെ സംബന്ധിച്ച് പരിശോധിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ക്രഷർ സ്ഥാപനത്തിന് വ്യവസായ വകുപ്പിൽ നടപടി ക്രമങ്ങൾ ഇല്ല. ക്രഷർ പ്രവർത്തിപ്പിക്കുന്നതിന് തൊഴിൽ വകുപ്പിൽനിന്നും ഓരോ ജില്ലയ്ക്കും താഴെ പറയുന്ന പ്രകാരം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.

തിരുവനന്തപുരം	..	72
കൊല്ലം	..	61
ആലപ്പുഴ	..	4
പത്തനംതിട്ട	..	41
കോട്ടയം	..	61
എറണാകുളം	..	246
ഇടുക്കി	..	22
തൃശൂർ	..	50
മലപ്പുറം	..	107
പാലക്കാട്	..	11
വയനാട്	..	15
കോഴിക്കോട്	..	75
കണ്ണൂർ	..	130
കാസർകോഡ്	..	41

(ബി) ക്രഷറുകൾ സ്ഥാപിക്കുന്നതിനു എൻ. ഒ. സി.-യ്ക്കുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന സർക്കാർ വകുപ്പുകളിൽ നിന്നുമുള്ള അനുമതിപത്രങ്ങൾ ആവശ്യമാണ്:

1. എസ്.എസ്.ഐ.-യുടെ താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.
2. ഗ്രാമപഞ്ചായത്തിന്റെ അനുമതിപത്രം.
3. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റ്.
4. ജില്ലാ മെഡിക്കൽ ആഫീസറുടെ അനുമതിപത്രം.
5. സമീപത്ത് മെറ്റൽ കൈകൊണ്ട് ഉടയ്ക്കുന്ന തൊഴിലാളികളില്ലെന്ന ട്രേഡ് യൂണിയനുകളുടെ സമ്മതപത്രം.

(സി) മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ടുമെന്റിൽനിന്നും ഖനനാനുമതി ലഭിച്ചശേഷമേ പാറപൊട്ടിക്കൽ അനുവദിക്കാറുള്ളൂ. അനിയന്ത്രിതമായ ഖനനം കണ്ടുപിടിക്കുകയാണെങ്കിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാറുണ്ട്. അനുമതി നൽകുന്നതിന് മുമ്പ് പരിസ്ഥിതി പ്രശ്നങ്ങൾ വിശകലനം ചെയ്യാറുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ 1957-ലെ എം.എം.സി.ആർ. ആക്ടിനനുസൃതമായാണ് ഖനന പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുന്നത്. പാറക്കല്ല് മൈനർ മിനറലായതിനാൽ ഇത് പൊട്ടിക്കുന്നതിന് ക്വാറിയിംഗ് പെർമിറ്റ്, ക്വാറിയിംഗ് ലീസ് എന്നീ അനുമതികൾ ആവശ്യമാണ്. 1967-ലെ കെ.എം.എം.സി. ചട്ടങ്ങളിലെ റൂൾ 8 പ്രകാരം ക്വാറിയിംഗ് പെർമിറ്റ് റൂൾ 29-ന് അനുസൃതമായി ക്വാറിയിംഗ് ലീസും അനുവദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഒരു ടൺ കരിങ്കല്ലിന് 16 രൂപ റോയൽറ്റി അടയ്ക്കേണ്ടതാണ്. ക്യൂബിക് മീറ്ററിന് 40 രൂപയാണ് റോയൽറ്റി. അലങ്കാര വിധാനശിലകൾക്ക് 4000 രൂപ ക്യൂബിക് മീറ്ററിന് റോയൽറ്റി അടയ്ക്കണം.

(എഫ്) ഉണ്ട്. പാറ പൊട്ടിക്കുന്നതിന് ലൈസൻസ് നൽകുന്നതിന് സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ 1957-ലെ എം.എം.സി.ആർ. ആക്ട്, 1967-ലെ കെ.എം.എം.സി. റൂൾസ് എന്നീ നിയമങ്ങൾ മൂലം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഈ നിയമങ്ങൾക്കനുസൃതമായ ശാസ്ത്രീയ നിരീക്ഷണങ്ങൾക്കുശേഷമേ ഖനന അനുമതി നൽകാറുള്ളൂ. പ്രസ്തുത നിരീക്ഷണങ്ങളിൽ പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങളും പരിശോധിക്കാറുണ്ട്. ഇത് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ വിദഗ്ദ്ധ ഭൂവിജ്ഞാന ശാസ്ത്രജ്ഞൻമാർ നിർവഹിക്കുന്നു.

തലസ്ഥാന നഗരിയിൽ മെട്രോ സർവ്വീസ്

*11 [494] ശ്രീ. ലൂഡി ലൂയിസ്:
„ വി. ബാലറാം:
„ ടി. എച്ച്. മുസ്തഫ:
„ ഇ. എം. അഗസ്തി:
„ കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. തലസ്ഥാന നഗരിയിൽ മെട്രോ സർവ്വീസ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം റൂട്ടുകളിലാണ് ഈ സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് ലിമിറ്റഡ് സ്റ്റോപ്പ് സർവ്വീസായി വിഭാവന ചെയ്തിട്ടുണ്ടോ;

(ഡി) പ്രൈവറ്റ് സർവ്വീസുകളുമായി ഫലപ്രദമായി മൽസരിക്കുവാൻ ഈ മെട്രോ സർവ്വീസിനു കഴിയുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ ചർച്ച ചെയ്തുവരുന്നു.

(സി) വിശദാംശങ്ങൾ ചർച്ച ചെയ്തുവരുന്നു.

(ഡി) കഴിയും.

LIBRARY ARCHIVES Kerala Legislative Assembly